<u>പത്രപ്രസ്താവന</u>

ഭാരതീയ റിസർവ് ബാങ്ക്
വാർത്താ വിനിമയ വിഭാഗം
കേന്ദ്ര ഓഫീസ്, മുംബൈ-400001

ഡിസംബർ 05, 2017

**ബിറ്റ് കോയിൻ ഉൾപ്പെടെയുള്ള വെർച്ച്വൽ കറൻസി ഉപയോഗത്തിനെതിരെ ഭാരതീയ റിസർവ് ബാങ്ക് ജാഗ്രതാ നിർദ്ദേശം നൽകുന്നു.**

ബിറ്റ് കോയിൻ ഉൾപ്പെടെയുള്ള വെർച്ച്വൽ കറൻസി ഉപയോഗിക്കുന്നവർ, കൈവശം വയ്ക്കുന്നവർ, വില്പന നടത്തുന്നവർ എന്നിവർക്ക് ഇത്തരം കറൻസികളുടെ സാമ്പത്തികം, നിയമപരം, ഉപഭോക്താവിന്റെ താല്പര്യ സംരക്ഷണം, സുരക്ഷാ കാരണങ്ങൾ എന്നീ മേഖലകളിൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന അപായ സാധ്യതകളെ കുറിച്ച് ജാഗ്രതാ നിർദ്ദേശം നൽകിയിരുന്ന 2013 ഡിസംബർ 24 ലെ പത്രക്കുറിപ്പിലേക്കു പൊതുജനങ്ങളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ബിറ്റ് കോയിൻ ഉൾപ്പെടെയുള്ള വെർച്ച്വൽ കറൻസിയിൽ ഇടപാടു നടത്തുവാൻ ഏതെങ്കിലും സ്ഥാപനത്തിനോ കമ്പനിക്കോ ഭാരതീയ റിസർവ് ബാങ്ക് ലൈസൻസ് നൽകിയിട്ടില്ലെന്ന് 2017 ഫെബ്രുവരി 01 ലെ പത്ര പ്രസ്താവനയിലൂടെ പൊതുജനങ്ങളെ അറിയിച്ചിരുന്നു. പല വെർച്ച്വൽ കറൻസികളുടെയും മൂല്യനിർണയത്തിലുള്ള ശ്രദ്ധേയമായ മുന്നേറ്റവും ഇനിഷ്യൽ കോയിൻ ഓഫറിങ്സിലുള്ള ശീഘ്രമായ വളർച്ചയും ശ്രദ്ധയിൽ വന്നിരിക്കുന്നതിനാൽ ഭാരതീയ റിസർവ് ബാങ്ക് ഈ വിഷയത്തിൽ മുൻപുള്ള പത്ര പ്രസ്താവനകളിൽ പ്രകടിപ്പിച്ച ഉത്കണ്ഠ പുനരാവർത്തിക്കുന്നു.

ജോസ് ജെ.കാട്ടൂർ
ചീഫ് ജനറൽ മാനേജർ

പത്രപ്രസ്താവന : 2017-2018/1530